ജീവനക്കാർക്ക് ഒപ്പം എയ്ഡഡ് സ്കൂളുകൾ/സ്വകാര്യ കോളേജുകൾ/സർവ്വകലാശാലകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/മറ്റു അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരെക്കൂടി വീണ്ടും സംസ്ഥാന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ധനവകുപ്പിന്റെ 12-1-2004-ലെ ജി.ഒ.(പി.) 26/04/ധന. ഉത്തരവ് പ്രകാരം കൊണ്ടുവന്നിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സ്ഥാപനങ്ങളിലെ ഇൻഷ്വറൻസ് സംബന്ധിച്ച്

35 [1042] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, എ. കെ. ബാലൻ:
,, പി. ജയരാജൻ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ഇൻഷ്വറൻസിനായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളെയാണ് ചുമതലപ്പെടുത്തിയതെന്ന് പറയാമോ;

(ബി) സർക്കാരിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള ഇൻഷ്വറൻസ് വകുപ്പും പൊതുമേഖലാ സ്ഥാപനമായ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനും നിലവിലുള്ളപ്പോൾ സഹകരണ ഇൻഷ്വറൻസിനായി സ്വകാര്യ കമ്പനികളെ ചുമതലപ്പെടുത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ;

(സി) ഇപ്പോൾ ചുമതലപ്പെടുത്തിയിട്ടുള്ള സ്വകാര്യ ഇൻഷ്വറൻസ് കമ്പനിക്ക് സഹകരണ സ്ഥാപനങ്ങളിൽനിന്നും ഈ ഇനത്തിൽ പ്രതിവർഷം എത്ര കോടി രൂപയാണ് ലഭിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്രയും വരുമാനമുള്ള ഈ പദ്ധതി സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. (സർക്കുലർ നമ്പർ 75/97/Fin., തീയതി 6-10-1997.)

(ബി) സഹകരണ ഇൻഷ്വറൻസിനായി സ്വകാര്യ കമ്പനികളെ സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ടിൻപ്രകാരം ജനറൽ ഇൻഷ്വറൻസ് ഇടപാടുകൾ നടത്തുന്നതിനായി സഹകരണ മേഖലയിലുള്ള ഇൻഡ്യൻ ഫാർമേഴ്സ് ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് (ഇഫ്കോ) കൃഷക് ഭാരതി കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ക്രിഫ്കോ) എന്നിവയുടെ ഇൻഷ്വറൻസ് മേഖലയിലെ സംയുക്ത സംരംഭമായ ഇഫ്കോ ടോക്യോയുടെയും ലൈഫ് ഇൻഷ്വറൻസ് പ്രോഡക്ടുകൾ കൈകാര്യം ചെയ്യുന്നതിന് എ.എം.പി. സൻമാർ എന്ന

ഇൻഷ്വറൻസ് കമ്പനിയുടെയും കോർപ്പറേറ്റ് ഏജന്റായി പ്രവർത്തിക്കുന്നതിന് സഹകരണ ഇൻഷ്വറൻസ് സംഘം ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

(സി) ഇക്കാര്യം ഇതുവരെ പരിശോധിച്ചിട്ടില്ല.

(ഡി) പരിശോധിക്കുന്നതാണ്.

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പദ്ധതി

36 [1043] ശ്രീ. ബിനോയ് വിശ്വം:
,, എൻ. രാജൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർക്കുവേണ്ടി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ മുതൽ നടപ്പാക്കുമെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിൽ ജീവനക്കാരിൽനിന്നും അംശദായം ഈടാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം;

(ഡി) ഈ ആനുകൂല്യം മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുകൂടി ബാധകമാക്കുവാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ ജി.ഒ. (പി) 26/04/ധന. തീയതി 12-1-2004 പ്രകാരം സർക്കാർ ജീവനക്കാർക്കൊപ്പം എയ്ഡഡ് സ്കൂളുകൾ, സ്വകാര്യ കോളേജുകൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരെക്കൂടി വീണ്ടും സംസ്ഥാന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ബി) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും ഈ പദ്ധതിയിൽ ചേരാവുന്നതാണ്. വിശദാംശങ്ങൾ ധന വകുപ്പിന്റെ 20-9-1999-ലെ 1862-ാം നമ്പർ സർക്കാർ ഉത്തരവിൽ ലഭ്യമാണ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

(സി) അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി ഇൻഷ്വറൻസ് പ്രീമിയം ഓരോ വിഭാഗം ജീവനക്കാരിൽനിന്നും ഈടാക്കുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ധനവകുപ്പിന്റെ 20-9-1999-ലെ 1862-ാം നമ്പർ ഗവൺമെന്റ് ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു).†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly